## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1517

05.12.2014- ലെ മറുപടിക്ക്.

### വകുപ്പുകളുടെ വാർഷിക പദ്ധതിതുക വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ വാർഷിക പദ്ധതിച്ചെലവ് വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നത് ഏതെല്ലാം സംവിധാനങ്ങളിലൂടെയാണെന്നറിയിക്കാമോ: | (എ) | മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തുകയുണ്ടായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ജില്ലാ വികസന സമിതി യോഗത്തിന് പുറമേ ആഫീസർമാരുടെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ ആഫീസർമാരുടെ പ്രത്യേക യോഗം നടത്തുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ഭരണാനുമതി വേണ്ട പദ്ധതികൾക്കെല്ലാം തന്നെ (ഏതാണ്ട് 10% ഒഴികെ) ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്കും നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനമാസം ചെലവഴിക്കാത്ത തുക മാറ്റുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പിൻവലിച്ച ശേഷം പദ്ധതിപ്പണം ചെലവിടാതെ അതാത് വകുപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിപ്പണം ചെലവഴിക്കപ്പെട്ടതായി കണക്കിൽ വരുകയും എന്നാൽ ആയത് ചെലവഴിക്കപ്പെടാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കപ്പെടുകയും ചെയ്യുന്ന രീതി സംസ്ഥാനത്തിന്റെ വികസനത്തെ എപ്രകാരമെല്ലാം ബാധിച്ചിട്ടുണ്ടെന്നു വിലയിരുത്തിയിട്ടുണ്ടോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂകമ്മി കുറച്ച് കൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാന രണ്ട് മാസങ്ങളിൽ ഏതൊരു ശീർഷകത്തിലേയും ചെലവഴിക്കാത്ത തുക മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത രീതിയിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയെ സംബന്ധിച്ചുള്ള കണക്ക് മേൽനോട്ട സംവിധാനത്തിലൂടെ ലഭ്യമാക്കാൻ സാധിക്കുമോ; വിശദമാക്കാമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Bijumon

സെക്ഷൻ ഓഫീസർ